# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1698** **5/12/2014** ൽ മറുപടിയ്ക്ക്

## റബ്ബർ ഉല്പാദനവും സംഭരണവും വിലയിടിവും

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ജെയിംസ് മാത്യൂ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. | (എ) ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കേരളയുടെ കണക്ക് പ്രകാരം 2012 - 13-ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 800050 മെട്രിക് ടണ്ണാണ്. 2011 - 12 ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 798940 മെട്രിക് ടണ്ണും, 2010 - 11 ൽ ഇത് 770580 മെട്രിക് ടണ്ണുമാണ്. |
| ബി) | സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് എപ്പോൾ മുതലാണ്; | (ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് 2012 ന് ശേഷമാണ്. |
| സി) | റബ്ബർ വിലയിടിവ് മൂലം സമ്പദ്ഘടനയ്ക്കുണ്ടായതായി കണക്കാക്കപ്പെടുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഇല്ല. |
| ഡി) | അഞ്ച് രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് എന്നു മുതലാണ്; | (ഡി) ഉണ്ട്. **6/11/2014** മുതലാണ് അഞ്ച് രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചത്. |

(ഇ) ഇപ്രകാരം ഇതിനകം സംഭരിച്ച റബ്ബർ എത്ര ടൺ ആണെന്ന് വെളിപ്പെടുത്താമോ; ഏതെല്ലാം ഏജൻസികൾക്ക് സംഭരണ ചെലവ് ഇനത്തിൽ എന്തു തുക വീതം ഇതിനകം നല്കുകയുണ്ടായി?

(ഇ) 27/11/2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013 - 14 ൽ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 23/10/2014 ലെ സ.ഉ (സാധാ) നം.576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ